# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1974 – 11/03/2020 - ലെ മറുപടിക്ക്

## റബ്ബർ വില സ്ഥിരതാ ഫണ്ട്

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | റബ്ബർ വില സ്ഥിരതാ ഫണ്ടിലേക്കായി 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ നീക്കിവെച്ചുവെന്നും ഇതിൽ 2020 മാർച്ച് ഒന്ന് വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2019-20 സാമ്പത്തിക വർഷത്തിലേയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2020 മാർച്ച് ഒന്ന് വരെ 219.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2019 മാർച്ച് ഒന്നുമുതൽ കൃഷിക്കാർ നൽകിയ റബ്ബറിന് വിലസ്ഥിരതാ ഫണ്ടിന്റെ ആനുകൂല്യം കൈമാറിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രളയക്കെടുതിയിലുൾപ്പെടെയുള്ള നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കർഷകർക്ക് ആശ്വാസമാകത്തക്ക രീതിയിൽ റബ്ബർ ബോർഡിൽ നിന്നും സർക്കാരിൽ ലഭിച്ച ക്ലെയിമുകളിന്മേൽ 98.53 കോടി രൂപ സബ്സിഡിയായി കർഷകർക്ക് 2019 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കർഷകരുടെ 2019 മാർച്ച് മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. 2019 സെപ്റ്റംബർ മാസത്തിനു ശേഷം റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 66.26 കോടി രൂപയുടെ സബ്സിഡി തുകയാണ് കർഷകർക്ക് നിലവിൽ വിതരണം ചെയ്യുവാൻ കുടിശ്ശികയായുള്ളത്. |
| (സി) | ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ